LIBRARY ARCHIVES Kerala Legislative Assembly

പ്രയോജനപ്പെടുത്തിക്കൊണ്ടും പരിശീലനം നൽകിവരുന്നു. പരിശീലന പരിപാടികളുടെ ആദ്യഘട്ടം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പരിശീലന പരിപാടികളുടെ രണ്ടാംഘട്ടം നടന്നുകൊണ്ടിരിക്കുന്നു. പുതിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ സബ് രജിസ്ട്രാർ ഓഫീസിൽനിന്ന് നൽകേണ്ട വിവിധ സേവനങ്ങൾ സംബന്ധിച്ച് ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. രജിസ്ട്രേഷനുവേണ്ടി ഹാജരാക്കേണ്ട ആധാരവിവരങ്ങൾ കമ്പ്യൂട്ടർ സംവിധാനത്തിലൂടെ സമർപ്പിക്കുന്നത് സംബന്ധിച്ച് ആധാരമെഴുത്തുകാർക്കും പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ആധാരമെഴുത്തുകാർക്ക് ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ തന്നെ സംശയനിവാരണത്തിന് പ്രത്യേക സമയ ക്രമീകരണം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മേൽ സൗകര്യങ്ങൾക്ക് പുറമെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിൽ സംശയ നിവാരണത്തിനായി മാത്രം പ്രത്യേക സംവിധാനത്തിന് രൂപം കൊടുക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

(ബി) സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കുന്നതിനും മറ്റുമുള്ള രജിസ്ട്രേഷൻ നടപടികൾക്കായി സബ് രജിസ്ട്രാർ ഓഫീസിൽ നിയമാനുസൃതമായ ഫീസ് മാത്രമേ ഈടാക്കുന്നുള്ളൂ. സബ് രജിസ്ട്രാർ ഓഫീസിലെ നടപടിക്രമങ്ങൾമൂലം വായ്പകൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കേരളത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങൾ

122(2758) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങളെ പ്രത്സാഹിപ്പിക്കുന്നതിനും, അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കാൻ തക്ക ഗുണനിലവാരം ഉറപ്പാക്കുന്നതിനും പദ്ധതി വിഭാവനം ചെയ്തിരുന്നുവോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 2015-16 സാമ്പത്തികവർഷം എത്രത്തോളം ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.